(ഭൗതികവും അക്കാഡമികവുമായ) ആവശ്യങ്ങൾ കണ്ടെത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. കൂടാതെ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രഥമാദ്ധ്യാപകർക്ക് (പ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലംവരെ) മാനേജ്മെന്റ് പരിശീലനം നൽകുകയും മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ പ്രോജക്ട് അവരെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറി തലംമുതൽ ഹയർസെക്കണ്ടറിതലംവരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പ്രോജക്ടിൽ പറയും പ്രകാരം ബഹു. എം.എൽ.എ. ചെയർമാനായ നിയോജകമണ്ഡലം സമിതിയുടെയും, മുനിസിപ്പൽ ചെയർമാൻ ചെയർമാനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് നടക്കുന്നത്.

(സി) സീമാറ്റ്-കേരള ചെയ്യുന്ന പ്രവർത്തനങ്ങളായ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്കുള്ള മാനേജ്മെന്റ് പരിശീലനം എന്നിവയ്ക്കുള്ള ചെലവുകൾ സീമാറ്റ്-കേരളയുടെ ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നത്. മണ്ഡലത്തിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ അതാത് മണ്ഡലങ്ങളിലെ എം.എൽ.എ. അദ്ധ്യക്ഷനായ നിയോജകമണ്ഡല കമ്മിറ്റികളുടെ നേതൃത്വത്തിലാണ് നടക്കുന്നത്. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്.

പുതുക്കോട് സർവ്വജന ഹയർസെക്കണ്ടറി സ്കൂളിന്റെ മാനേജ്മെന്റ്

79(2939) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പുതുക്കോട് സർവ്വജന ഹയർസെക്കണ്ടറി സ്കൂളിന്റെ മാനേജ്മെന്റ് നിലവിൽ ആരിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന നാട്ടുകാർ, പി.ടി.എ, സ്ഥലം എം.എൽ.എ. എന്നിവരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ മാനേജ്മെന്റിന് അവകാശവാദമുന്നയിച്ച് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അപേക്ഷകൻ; ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറാണ് നിലവിൽ സർവ്വജന ഹയർ സെക്കണ്ടറി സ്കൂളിന്റെ മാനേജർ.

(ബി) ഉണ്ട്.

(സി) പുതുക്കോട് സർവ്വജന ഹയർസെക്കണ്ടറി സ്കൂളിന്റെ മുൻ മാനേജർ ശ്രീ. കൃഷ്ണസ്വാമി സ്കൂളിന്റെ മാനേജ്മെന്റ് അവകാശം സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. നമ്പർ 4128/2003 ഹർജിയിലെ 21-11-2014-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും 15-9-2015-ലെ സ.ഉ.(സാധാ)നമ്പർ 4094/2015/പൊ.വി. പ്രകാരം പ്രസ്തുത സ്കൂൾ സർക്കാർ സ്ഥിരമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചും ഇക്കാര്യത്തിൽ അനുയോജ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ സർക്കാർ ഏറ്റെടുത്ത മാനേജ്മെന്റ് സ്കൂളുകൾ

80(2940) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിലെ ഏതൊക്കെ മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സ്കൂളുകൾ ഏറ്റെടുത്തിട്ട് വർഷങ്ങളായിട്ടും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും അധ്യാപകരുടെയും സർവ്വീസ് സംബന്ധിച്ച് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങളിൽ അടിയന്തര തീരുമാനം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

GPM. 2/241/2020-18

LIBRARY ARCHIVES Kerala Legislative Assembly